റേഷൻ കടകൾ നിലനിർത്തുന്നതിന് നടപടി

35 [1167] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര റേഷൻ കടകൾ അടച്ചുപൂട്ടി; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) റേഷൻ കടകൾ നടത്തി കടക്കെണിയിലായ കടയുടമകൾ ആത്മഹത്യ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇങ്ങനെ മരിച്ചവരുടെ കണക്ക് വിശദമാക്കാമോ;

(സി) റേഷൻ കടകൾ നടത്തുന്നത് ലാഭകരമല്ലാതായതിനുള്ള കാരണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 34 റേഷൻകട ഉടമസ്ഥർ നിർത്തിപ്പോയിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

കൊല്ലം	..	11
ഇടുക്കി	..	2
എറണാകുളം	..	11
പാലക്കാട്	..	5
മലപ്പുറം	..	1
കണ്ണൂർ	..	2
കാസർഗോഡ്	..	2
ആകെ	..	34

റേഷൻ വിതരണം മുടങ്ങാതിരിക്കാൻ ഇവിടങ്ങളിൽ ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി ആന്റ് ഡി) റേഷൻ കടകളിലൂടെ വിൽപ്പന നടത്തുന്ന റേഷൻ സാധനങ്ങളുടെ മാർജിൻ/കമ്മീഷൻ ആണ് റേഷൻ വ്യാപാരികളുടെ വരുമാന മാർഗ്ഗം. റേഷൻ വിതരണത്തിൽ ബി.പി.എൽ./എ.പി.എൽ. വേർതിരിവ് വന്നശേഷം എ.പി.എൽ. വിഭാഗക്കാർ പൊതുവേ റേഷൻ കടകളിൽ നിന്ന് അകന്നുപോയിട്ടുണ്ട്. ഇതുമൂലം റേഷൻ കടക്കാർക്ക് മാർജിൻ/കമ്മീഷൻ എന്നിവയിൽ കുറവു വന്നു. റേഷൻ കടകൾ നിലനിർത്തുന്നതിനായി റേഷൻ വ്യാപാരികൾക്ക് നൽകുന്ന കമ്മീഷൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly